g. No. : .....

me : .....

Third Semester B.A./B.Sc. Degree Examination, December 2017
First Degree Programme Under CBCSS
Language Course VII
ML 1311.1 (Additional Language III) DRSYAKALA SAHITYAM
(2014 Admn. Onwards)

ime : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) 'ആടിക്കാണാനും പാടിക്കേൾക്കാനും കൊള്ളാവുന്ന കഥ' എന്നു വിശേഷിപ്പിക്കപ്പെട്ട ആട്ടക്കഥ ഏത് ?

2) മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകം ഏത് ?

3) നിർമ്മാല്യം എന്ന സിനിമയ്ക്ക് ആസ്പദമായ ചെറുകഥ ഏത് ?

4) വൃകോദരൻ – ആരാണ് ?

5) 'പാരിലെന്നെയിന്നാരറിയാത്തവർ' – ആരുടെ വാക്കുകൾ ?

6) ഭരതവാക്യം ആരുടെ നാടകമാണ് ?

7) ഓട്ടൻതുള്ളലിൽ ഉപയോഗിക്കുന്ന പ്രധാന വൃത്തമേത് ?

8) കണ്ഠീരവരം എന്ന വാക്കിന്റെ അർത്ഥം എന്ത് ?

9) വൈശാലി എന്ന സിനിമയ്ക്ക് കലാസംവിധാനം നിർവഹിച്ചത് ആര് ?

10) കേരളവർമ്മ വലിയകോയിത്തമ്പുരാൻ ശാകുന്തളം വിവർത്തനം ചെയ്ത വർഷം ?

(10×1=10 Mark

All Saints' College Trivandrum

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.

11) "കറുത്തദൈവം പുരുഷന്മാരുടെ ദൈവമാണോ ? എന്നെവിടെപ്പറയുന്നു" ? – വിശദീകരിക്കുക.

12) ഹനുമാൻ പാഞ്ചാലിയെക്കുറിച്ചു പറയുന്ന ആക്ഷേപങ്ങൾ എന്തെല്ലാം ?

13) "ദേവനം വിനോദനായ ദേവനിർമ്മിതം" – പുഷ്ക്കരൻ ഉദ്ദേശിക്കുന്നത് എന്താണ് ?

14) തിരക്കഥ എന്നാലെന്ത് ?

15) ഏകാങ്ക നാടകങ്ങളുടെ സവിശേഷതകൾ – കുറിപ്പെഴുതുക.

16) മലയാളത്തിലെ പ്രധാനപ്പെട്ട ശാകുന്തളം വിവർത്തനങ്ങൾ ഏതെല്ലാം ?

17) കോട്ടം തീർന്ന കോട്ടയം കഥകൾ ഏതെല്ലാം ?

18) 'കൂനൻ മദിച്ചെന്നാൽ ഗോപുരം കുത്തുമോ.....
വാനരൻമാരെന്തു കാട്ടുന്നു നമ്മോട് – ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത് ?

19) മൊണ്ടാഷ് – കുറിപ്പ് തയ്യാറാക്കുക.

20) നിശബ്ദ സിനിമയുടെ ആസ്വാദനപരമായ സവിശേഷതകൾ എന്തെല്ലാമാണ് ?

21) "പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ" – വിവക്ഷിതമെന്ത് ?

22) 'ബ്രഹ്മൻ ! ദുഷ്യന്തതേജസ്സ്
വഹ്നിയെ ശമിയെന്നപോൽ
തന്നിൽ ധരിക്കുന്നു, മന്നിൽ
നന്മയ്ക്കറിയുക നിൻമകൾ' – സന്ദർഭം വിശദീകരിക്കുക. **(8×2=16 Marks**

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) നളോദ്യാനത്തെ ഉണ്ണായിവാര്യർ വർണ്ണിച്ചിരിക്കുന്നത് എങ്ങനെ ?

24) ഭർതൃഗൃഹത്തിലേയ്ക്ക് പുറപ്പെട്ട ശകുന്തളയ്ക്ക് കണ്വൻ നൽകുന്ന ഉപദേശമെന്താണ് ?

25) "ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ". എന്താണ് പറഞ്ഞത് ?

26) അംഗരാജ്യത്തെ കൊടുവരൾച്ചയുടെ ദൃശ്യങ്ങൾ വൈശാലിയിൽ ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ ?

27) നമ്പ്യാരുടെ കാവ്യഭാഷയുടെ സവിശേഷതകൾ എന്തെല്ലാം ?

All Saints' College Trivandrum

28) ഗുഡ്നൈറ്റിന്റെ പ്രമേയ സവിശേഷത വിശകലനം ചെയ്യുക.

29) കഥകളിയുടെ പ്രധാനപ്പെട്ട ചടങ്ങുകൾ വിശദീകരിക്കുക.

30) ''നാലഞ്ചു ഭർത്താവൊരുത്തിക്കു താനതു
നാലുജാതിക്കും വിധിച്ചതല്ലോർക്കണം''. ഹനുമാന്റെ പരിഹാസത്തിൽ ഒളിഞ്ഞിരിക്കുന്ന ധ്വനി അനാവരണം ചെയ്യുക.

31) കറുത്ത ദൈവത്തെത്തേടി എന്ന നാടകത്തിലെ 'കോമാളി' എന്ന കഥാപാത്രത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക. **(6×4=24 Marks)**

മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

32) ശാകുന്തളം നാലാമങ്കത്തിന്റെ പ്രാധാന്യം വിവരിക്കുക.

33) ഇതിഹാസ കഥയുടെ പുനരാഖ്യാനം എന്ന നിലയിൽ 'വൈശാലി'യുടെ ദൃശ്യസാഹിത്യമൂല്യം വിലയിരുത്തുക.

34) ബിംബകല്പനകളിലൂടെ ജീവിതസത്യങ്ങളുടെ അഗാധതയിലേയ്ക്ക് അനുവാചകനെ കൊണ്ടുചെല്ലുന്ന നാടോടി രീതിയാണ് കറുത്തദൈവത്തെത്തേടി എന്ന നാടകത്തിൽ ജി. ശങ്കരപ്പിള്ള സ്വീകരിച്ചിരിക്കുന്നത്. വിശകലനം ചെയ്യുക.

35) നളചരിതത്തിന്റെ ഭാഷാസവിശേഷതകൾ പാഠഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക. **(2×15=30 Marks)**

All Saints' College Trivandrum